ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 53 ആക്രമണങ്ങളുണ്ടായിട്ടുണ്ട്.

(ബി) 8 സംഭവങ്ങളുണ്ടായിട്ടുണ്ട്.

(സി) 9 സംഭവങ്ങളുണ്ടായിട്ടുണ്ട്.

(ഡി) മംഗളം, ദേശാഭിമാനി, ദീപിക, ജൻമഭൂമി, രാഷ്ട്രദീപിക, മലയാളം, മാതൃഭൂമി, ഇൻഡ്യൻ എക്സ്പ്രസ്, മകബ് എന്നീ പത്രങ്ങളിലെ റിപ്പോർട്ടർമാർക്കും ഫോട്ടോഗ്രാഫർമാർക്കും എൻ. ടി. വി., എ.സി.വി., ഏഷ്യാനെറ്റ്, സൂര്യാ ടി. വി., വിഷൻ മീഡിയ, ഇൻഡ്യാ വിഷൻ, കൈരളി, ജീവൻ ടി. വി., കേബിൾ ടി. വി. എന്നിവയിലെ റിപ്പോർട്ടർമാർക്കും ക്യാമറാമാൻമാർക്കും അസിസ്റ്റൻറുമാർക്കും പരിക്കു പറ്റിയിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ച് 37 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(എഫ്) ഉണ്ട്. ദൃശ്യ-മാധ്യമ പ്രവർത്തകരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് 207 പേർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മാധ്യമ പ്രവർത്തകർക്ക് നേരെയുള്ള ആക്രമണങ്ങൾ

32 [795] ശ്രീമതി ഗൗരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ സംസ്ഥാനത്തെ മാധ്യമ പ്രവർത്തകർക്ക് നേരെ എത്ര ആക്രമ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ പോലീസുമായി ബന്ധപ്പെട്ട എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(സി) മാധ്യമ പ്രവർത്തകരെ കയ്യേറ്റം ചെയ്തതു സംബന്ധിച്ച് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്;

(ഡി) ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ കാലയളവിൽ 52 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഇതിൽ പോലീസുമായി ബന്ധപ്പെട്ടതെന്ന് ആരോപണമുള്ള 7 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച 49 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികളിൻമേൽ അന്വേഷണം നടത്തി കുറ്റക്കാരായവരുടെ പേരിൽ കൂർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly